പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5981

28-10-2011-ൽ മറുപടിയ്ക്ക്

## ദേശീയ സമ്പാദ്യ സമാശ്വാസ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) എല്ലാ മത്സ്യത്തൊഴിലാളികളെയും ദേശീയ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടോ ; | എ) 18-10-11 ലെ സ.ഉ.(കൈ) നം. 90/2011/മ.തു.വ പ്രകാരം എ.പി.എൽ./ ബി.പി.എൽ. പരിഗണനയില്ലാതെ സംസ്ഥാനത്തെ എല്ലാ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കും സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് ; | ബി) ദേശീയ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ഒരു മത്സ്യതൊഴിലാളി ഗുണഭോക്താവ് 9 മാസം കൊണ്ട് 600 രൂപ വിഹിതം അടയ്ക്കുമ്പോൾ 600 രൂപ വീതം മൂന്നുമാസമായി 1800 രൂപ തിരികെ നൽകുന്നു. ഇതിൽ 600 രൂപ ഗുണഭോക്തൃ വിഹിതവും 600 രൂപ സംസ്ഥാന സർക്കാർ വിഹിതവും 600 രൂപ കേന്ദ്ര സർക്കാർ വിഹിതവുമാണ്. കടലോരമേഖലയിൽ ജൂലൈ മാസം മുതൽ അടുത്ത മാർച്ച് മാസം വരെയാണ് ഗുണഭോക്താവ് വിഹിതം അടയ്ക്കുന്നത്. സമാശ്വാസ തുക തിരികെ നൽകുന്നത് ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലാണ്. ഉൾനാടൻ മേഖലയിൽ സെപ്തംബർ മാസം മുതൽ അടുത്ത മെയ് മാസം വരെ വിഹിതം അടയ്ക്കുകയും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സമാശ്വാസ തുക നൽകുകയും ചെയ്യുന്നു. |
| സി) ഇതിനായി കേന്ദ്രത്തിൻെറ അനുമതി ആവശ്യമുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം? | സി) കേന്ദ്ര സർക്കാരിൻെറ മാർഗ്ഗനിർദ്ദേശത്തിൽ എ.പി.എൽ. വിഭാഗം ഉൾപ്പെടുന്നില്ല. എന്നാൽ സംസ്ഥാന സർക്കാർ 18-10-11 ലെ സ.ഉ.(കൈ) നം. 90/2011/മ.തു.വ പ്രകാരം എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ മുഴുവൻ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ